ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ മിക്കവാറും എല്ലാ ട്രഷറികളിലും ഇടപാടുകാർക്ക് വിശ്രമത്തിനും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും പരിമിതമായ തോതിൽ സൗകര്യം ഇപ്പോൾത്തന്നെ ഉണ്ട്. സ്ഥലപരിമിതിയും സാമ്പത്തിക ബാധ്യതയും കണക്കിലെടുത്ത് ട്രഷറികളിൽ വെയിറ്റിംഗ് ഹാൾ നിർമ്മിക്കുന്ന കാര്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

ട്രഷറി സ്ഥാപിക്കാൻ നടപടി

47 [984] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പുതിയ ട്രഷറികൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ തൃക്കരിപ്പൂരിൽ ട്രഷറി സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) & (ബി) പരിശോധിച്ചുവരുന്നു.

ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ ഫണ്ട്

48 [985] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ ഫണ്ടിനായി സംസ്ഥാന സർക്കാർ സമാഹരിച്ച തുക സംസ്ഥാനത്തെ ഏത് ട്രഷറി പബ്ലിക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും ഇപ്പോഴത്തെ നീക്കിയിരിപ്പ് തുകയും അക്കൗണ്ട് നമ്പറും വെളിപ്പെടുത്താമോ;

(ബി) ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചതുകൊണ്ട് പലിശയിനത്തിൽ സർക്കാരിന് നഷ്ടമായ തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സംഖ്യ എത്രയാണ്;

(സി) ഗുജറാത്ത് ഗവൺമെന്റ് പോളിടെക്നിക്കിന്റെ പുനർനിർമ്മാണത്തിനായി ഈ ഫണ്ടിൽനിന്നും ഇതുവരെ എത്ര കോടി ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly